# സർക്കാർ ആശുപത്രികൾ എന്തുകൊണ്ട് തളരുന്നു?

**ഡോ.** സൈജു ഹമീദ് എഴുതിയ 'കേരള മോഡൽ ആരോഗ്യം അഥവാ ഹൈടെക് കൊള്ള' എന്ന ലേഖനം (ലക്കം: 40) ശ്രദ്ധേയമായി.


പാവപ്പെട്ടവർക്ക് താങ്ങാനാവാത്ത നിലയിലേക്ക് ചികിത്സാ ചെലവുകൾ വളർന്നതിന്റെ പ്രധാന കാരണം പൊതുമേഖലയുടെ തകർച്ചയും സ്വകാര്യ മേഖലയുടെ അനിയന്ത്രിതമായ വളർച്ചയുമാണ്. ആരോഗ്യമേഖലയിലെ മിക്ക അനഭിലഷണീയ പ്രവണതകളുടെയും അടിസ്ഥാന കാരണം സർക്കാർ ആരോഗ്യ സംവിധാനങ്ങളുടെ അപര്യാപ്തതകളായതിനാൽ, പൊതുമേഖലയെ പ്രോത്സാഹിപ്പിക്കാനും വളർത്തിക്കൊണ്ടുവരാനും ആരോഗ്യ പ്രവർത്തകരും സാമൂഹിക-രാഷ്ട്രീയ പ്രവർത്തകരും രംഗത്തുവരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

മധ്യവർഗം സർക്കാർ ആശുപത്രികളെ പൂർണമായും കൈയൊഴിഞ്ഞതാണ് ഈ മേഖല തളരുന്നതിന് പ്രധാനമായും കാരണമായത്. രാഷ്ട്രീയം, മാധ്യമങ്ങൾ, ബ്യൂറോക്രസി, മത-സാമൂഹിക സംഘടനകൾ എന്നിവയൊക്കെ കൈയടക്കി വെച്ച മധ്യവർഗമാണ് സമൂഹത്തിന്റെ അജണ്ട തീരുമാനിക്കുന്നത്. ഇവർ സർക്കാർ ആശുപത്രികളെ അവഗണിച്ചതോടെ ഈ രംഗത്ത് സർക്കാർ കാണിക്കുന്ന അലംഭാവങ്ങൾക്കെതിരെ പ്രതികരിക്കാൻ ആളില്ലാതായി; ഈ മേഖലയിൽനിന്ന് സർക്കാർ തന്ത്രപൂർവം പിന്മാറുന്നത് ആരുടെയും ശ്രദ്ധയിൽ പെടാതായി.

മരുന്നുകളുടെയും ചികിത്സാ സൗകര്യങ്ങളുടെയും അഭാവം, വൃത്തി ഹീനമായ ചുറ്റുപാടുകൾ എന്നിവയോടൊപ്പം സർക്കാർ ആശുപത്രികളെക്കുറിച്ച് മോശമായ വാർത്തകൾ പ്രചരിപ്പിക്കുന്ന മാധ്യമങ്ങളും ജനങ്ങളെ സർക്കാർ ആശപത്രികളിൽ നിന്നകറ്റുന്നു. ഡോക്ടർമാരുടെ എണ്ണക്കുറവു മൂലമുള്ള അമിത ജോലിഭാരം, താരതമ്യേന കുറഞ്ഞ ശമ്പളം എന്നിവ കാരണം അസംതൃപ്തരായ ഡോക്ടർമാരുടെ മോശമായ പെരുമാറ്റവും പലരെയും അകറ്റുന്നു. ഇവക്കെല്ലാം പരിഹാരം, സർക്കാർ ആരോഗ്യ മേഖലയിൽ കൂടുതൽ വിഭവങ്ങൾ വിനിയോഗിക്കുകയാണ്. ഇതിന് ജനങ്ങൾ ചെയ്യേണ്ടത് സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്ന പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയാണ്. പെയ്ൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾ, ലേഖകൻ മുന്നോട്ടു വെക്കുന്ന കമ്യൂണിറ്റി ഹെൽത്ത് ഗൈഡൻസ് സെന്ററുകൾ തുടങ്ങിയ പദ്ധതികൾ, ആരോഗ്യ മേഖലയിൽനിന്ന് സർക്കാർ പൂർണമായും പിന്മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ അവസ്ഥയിൽ ദരിദ്രരായ ജനങ്ങൾക്ക് വളരെയധികം ആശ്വാസകരമാവുമെങ്കിലും അവയൊന്നും സ്ഥായിയായ പരിഹാരമാവുകയില്ല; ശക്തമായ ഒരു പൊതുമേഖലക്ക് ബദലാവുകയുമില്ല.

**ഹനീഫ് വളാഞ്ചേരി**

## കത്തുകൾ




# സർഗ സൃഷ്ടികൾക്കും ഇടം നൽകണം

***പ്രബോധനം*** സർഗ സൃഷ്ടികൾക്ക് വേണ്ടത്ര പ്രാധാന്യം നൽകി കാണുന്നില്ല. പുതിയ എഴുത്തുകാർക്കു വേണ്ടി അടുത്ത കാലത്തായി നീക്കി വെച്ച സർഗവേദിയുടെ പേജുകൾ 'വംശനാശം' നേരിട്ടുകൊണ്ടിരിക്കുകയാണ്.

പുതിയ കാൽവെപ്പ് എന്ന നിലയിൽ രൂപീകൃതമായ 'തനിമ'യുടെ ടെലിഫിലിമിലേക്കുള്ള ചുവടുവെപ്പുകൾ ആശാവഹമായിത്തോന്നുന്നു. പക്ഷേ, അതിന്റെ കലാ-സാഹിത്യ ക്യാമ്പുകൾ പേരിൽമാത്രം ഒതുങ്ങിപ്പോയി. ജനകീയമായ അടിവേരുകളുറപ്പിക്കാതെ സ്റ്റേജിലും പേജിലും മാത്രം ഒതുങ്ങുന്ന ആവേശമല്ല പുതിയ തലമുറക്ക് വേണ്ടത്.

എണ്ണിയാലൊടുങ്ങാത്ത മലയാളത്തിലെ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ സർഗശേഷി തെളിയിച്ചു കൊണ്ടിരിക്കുന്ന ഒരുപാട് എഴുത്തുകാരുണ്ട്. ഇവരിൽ എത്രപേർക്ക് ആദർശത്തിന്റെ തണലിൽ ചേക്കേറാനുള്ള അവസരം നമുക്ക് നൽകാനാവും? ദൈവനിഷേധ പാളയങ്ങളിലെത്തുന്നതിൽനിന്ന് ഇവരെ തടയാൻ എന്തു മാർഗമാണ് സ്വീകരിച്ചിരിക്കുന്നത്?

കലാ-സാംസ്കാരിക മേഖലകളിൽ മതേതരവാദികളും ഫാഷിസ്റ്റുകളും പിടിമുറുക്കുമ്പോൾ വില്ലന്മാരും പരിഹാസ്യരുമായി കഴിയാൻ വിധിക്കപ്പെട്ട സമുദായത്തിന് ഈ മേഖലകളിലേക്ക് ഒരു ഇരച്ചുകയറ്റം അനിവാര്യമാണ്.

**പുത്തൂർ ഇബ്റാഹീം കുട്ടി**
**കൊടുവള്ളി**




**www.jihkerala.org**

### സ്നേഹസംവാദം

ശൈഖ് മുഹമ്മദ് കാരകുന്ന് രചിച്ച 'ദൈവം, മതം, വേദം, സ്നേഹസംവാദം' എന്ന കൃതിയുടെ ഇംഗ്ലീഷ് പരിഭാഷ **Dialogues on God, Creed and Scriptures** ജമാഅത്ത് സൈറ്റിന്റെ ഇംഗ്ലീഷ് വിഭാഗത്തിൽ ഉൾപ്പെടുത്തി. 2002-ലെ ടി.പി കുട്ട്യാമു സാഹിബ് അവാർഡ് ലഭിച്ച കൃതിയാണിത്.

പാളയം മുസ്‌ലിം ജമാഅത്ത് തിരുവനന്തപുരത്ത് സംഘടിപ്പിച്ച മീലാദ് പ്രഭാഷണ പരമ്പരയിൽ ശൈഖ് മുഹമ്മദ് കാരകുന്ന് നടത്തിയ പ്രസംഗത്തിന്റെ (ഭൗതിക ദർശനങ്ങളും ഇസ്‌ലാമിക ദർശനവും) വീഡിയോ സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാം.

## മാറേണ്ടത് നാം

**'കേരള** മോഡൽ ആരോഗ്യം അഥവാ ഹൈടെക് കൊള്ള' എന്ന ലേഖനത്തോടൊപ്പം ചേർത്തുവായിക്കേണ്ട ചില കാര്യങ്ങൾ കൂടിയുണ്ട്. എന്തുകൊണ്ടാണ് കേരളത്തിൽ ഇത്രയധികം സ്വകാര്യ ആശുപത്രികൾ ഉയർന്നുവന്നത്? നമ്മൾ തന്നെയല്ലേ ഇതിന് വളം വെച്ചുകൊടുത്തത്? മാറുന്ന ലോകത്തോടൊപ്പം നമ്മളും മാറാൻ ശ്രമിച്ചു. അതിന്റെ ഫലമായുണ്ടായത് രോഗാതുരമായ ഒരു സമൂഹമാണ്. ഭക്ഷണരീതിയിലും സാമൂഹിക ജീവിതത്തിലും കുടുംബ ജീവിതത്തിലുമൊക്കെയുണ്ടായ മാറ്റങ്ങളാണ് പല രോഗങ്ങൾക്കും കാരണം. എണ്ണയിൽ വറുത്തതിന്റെയും പൊരിച്ചതിന്റെയും ഫാസ്റ്റ് ഫുഡിന്റെയും പിന്നാലെ പാശ്ചാത്യരോടൊപ്പം ഓടിയതാണ് കൊളസ്ട്രോൾ, ഹൃദ്രോഗം, ബി.പി തുടങ്ങി പലരോഗങ്ങൾക്കും കാരണം. ഇലക്കറികളും പച്ചക്കറികളുമൊക്കെ ഔട്ട് ഓഫ് മെനു ആണിന്ന്.

വ്യക്തിജീവിതത്തിൽ വളരെയധികം ശുചിത്വം പാലിക്കുന്നവരാണ് കേരളീയർ. ഈ വ്യക്തിജീവിത ശുചിത്വം എത്ര വലിയ പരാജയമാണെന്ന് സാമൂഹിക ജീവിതത്തിലേക്കു നോക്കിയാൽ കാണാം. സ്വന്തം വീട്ടിലെ മാലിന്യങ്ങൾ അന്യന്റെ വീട്ടിലേക്ക് വലിച്ചെറിയാൻ നമുക്ക് മടിയില്ല. ഡെങ്കിപ്പനി, ചികുൻ ഗുനിയ തുടങ്ങി പല പകർച്ചവ്യാധികൾക്കും കാരണം പരിസര ശുചിത്വമില്ലായ്മയാണെന്നു കാണാം. നമ്മൾ വലിച്ചെറിയുന്ന മാലിന്യങ്ങളിൽനിന്നാണ് ഇത്തരം രോഗങ്ങൾ പകരുന്നത്. പൊതുസ്ഥലങ്ങളിൽ മൂത്രമൊഴിച്ചും തുപ്പിയും പുകവലിച്ചും മാലിന്യനിക്ഷേപം നടത്തിയും നാം കാണിക്കുന്ന വിവരക്കേട് നിയന്ത്രിക്കാനുള്ള മനസ്സുണ്ടായാൽ പല സാംക്രമിക രോഗങ്ങളും തടയാൻ കഴിയും. എന്തിനും ആശുപത്രിയിലേക്കോടുന്ന ശീലവും നിർത്തേണ്ടതുണ്ട്.

ഭക്ഷണ ക്രമീകരണങ്ങളിലൂടെയും വ്യക്തി, സാമൂഹിക, പരിസര ശുചിത്വത്തിലൂടെയും നാം നമ്മെ നിയന്ത്രിച്ചില്ലെങ്കിൽ ലക്ഷങ്ങൾ കൊടുത്ത് പഠിച്ചിറങ്ങുന്ന ഡോക്ടർമാർ അവരുടെ മുതലും പലിശയും വസൂലാക്കാനായി നമ്മുടെ ശരീരത്തിലെ ഓരോ അവയവത്തിലും കത്തി വെക്കും. പണമെറിഞ്ഞ് പഠിക്കുന്നവന് എന്നും ലാഭത്തിലായിരിക്കും നോട്ടം.

**കെ.കെ ശംസുദ്ദീൻ**
**ഇസ്‌ലാമിയാ കോളേജ് കുറ്റ്യാടി**

## 'സമസ്ത'യുടെ പ്രവർത്തനം സന്തോഷകരമല്ല

**മുജാഹിദ്** ഐക്യത്തിനാഹ്വാനം ചെയ്തുകൊണ്ട് *പ്രബോധനം* പ്രസിദ്ധീകരിച്ച ലേഖനങ്ങളും കുറിപ്പുകളും കെ.പി കുഞ്ഞിമ്മൂസ എഴുതിയ പ്രതികരണവും അതിനെ ആധാരമാക്കി ജമാൽ കടന്നപ്പള്ളി എഴുതിയ കത്തും വായിച്ചപ്പോൾ തോന്നിയ ചില അഭിപ്രായങ്ങൾ കുറിക്കുന്നു. 'സമസ്ത'യെ ന്യായീകരിക്കാനാണ് ജമാൽ കടന്നപ്പള്ളി ശ്രമിച്ചു കണ്ടത്. കേരള മുസ്‌ലിം ജനസാമാന്യത്തിൽ ഭൂരിഭാഗവും 'സമസ്ത'യുടെ പിന്നാലെ പ്രത്യേകിച്ച് ചിന്തയൊന്നുമില്ലാതെ പോകുന്നവരാണ്. ഒരു ഇസ്‌ലാമിക സംഘടനയെ സംബന്ധിച്ചേടത്തോളം അതിന്റെ മുഖ്യ അജണ്ട, അനുയായികളെ ആദർശപരമായും കർമപരമായും സംസ്കരിക്കുകയും സമുദ്ധരിക്കുകയും ചെയ്ത് ഒരു ആദർശസമൂഹമായി അവരെ ഉയർത്തിക്കൊണ്ടുവരിക എന്നതാണ്. ഈ നിലയിൽ സമസ്തയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ നിരാശയല്ലേ ഫലം? 'ജാറങ്ങൾ' എന്നു വിളിക്കപ്പെടുന്ന മഖ്ബറകളിൽ നടക്കുന്ന ശിർക്കു കലർന്ന പല കാര്യങ്ങളും ജനങ്ങൾ ഭക്ത്യാദരപൂർവം അനുഷ്ഠിക്കാനുള്ള പ്രചോദനം 'സമസ്ത' പണ്ഡിതന്മാർ നടത്തുന്ന ഔലിയാക്കളുടെ അതിശയോക്തിയോടെയുള്ള 'കറാമത്ത്' വർണനയാണെന്ന് കാണാം. ഒരുപാടു പേരെ കഷ്ടപ്പെടുത്തുന്ന സ്ത്രീധനം പോലുള്ള സാമൂഹിക തിന്മകളൊന്നും അവരുടെ ചർച്ചാ വിഷയമാകുന്നില്ല.

'സമസ്ത'യിൽനിന്ന് ഒരു വിഭാഗം വേർതിരിഞ്ഞ് എ.പി ഗ്രൂപ്പ് ആയപ്പോൾ അവർ മുജാഹിദ്, ജമാഅത്ത് മുതലായ സംഘടനക്കാരോട് എല്ലാതരത്തിലുള്ള ലോഹ്യങ്ങളും വിലക്കി. ഇപ്പോൾ പല ഇ.കെ വിഭാഗക്കാരും എ.പി വിഭാഗക്കാരെ അനുകരിക്കുന്നതു കാണാം. ജമാഅത്തുകാരനെയോ മുജാഹിദിനെയോ കണ്ടാൽ മുഖംതിരിക്കുന്നതാണ് ഇപ്പോൾ 'സമസ്ത'യുടെ ശൈലി. 'ജമ-മുജ'കളോട് സലാം പറയേണ്ട, പറഞ്ഞാൽ മടക്കേണ്ട, രോഗിയായാൽ സന്ദർശിക്കേണ്ട, മരിച്ചാൽ കൂടേണ്ട എന്നൊക്കെയാണല്ലോ 'സമസ്ത'യുടെ നിലപാട്. ഇത്തരത്തിലുള്ള ഒരു സംഘടനയെ എങ്ങനെയാണ് വാഴ്ത്താൻ സാധിക്കുക.

**ടി. മൊയ്തുമാസ്റ്റർ പെരിമ്പലം**

## ദീർഘവീക്ഷണമുള്ള രാഷ്ട്രീയ തന്ത്രം

**തെരഞ്ഞെടുപ്പും** പാകിസ്താനിലെ ഇസ്‌ലാമിക പ്രസ്ഥാനവും എന്ന തലക്കെട്ടിൽ എ.ആർ നടത്തിയ വിശകലനത്തിന് (ലക്കം: 39) അനുബന്ധമാണ് ഈ കുറിപ്പ്. ലേഖനത്തിൽ കാണാതെ പോയ ഒരു വശമുണ്ട്. ദുഷിച്ചു നാറിയ സാമൂഹിക വ്യവസ്ഥിതിയും സാമുദായികത-ഉപസാമുദായികത സൃഷ്ടിച്ച കലുഷമായ ആഭ്യന്തര അരക്ഷിതാവസ്ഥയും അക്രമണോത്സുകതയും പാകിസ്താനെ ഒരു ദുരന്തഭൂമിയാക്കിത്തീർത്തിരിക്കുന്നു. ഈയൊരു ചുറ്റുപാടിൽ പാക് ജനത ആഗ്രഹിക്കുന്നത് ഒരു സുസ്ഥിര ഗവൺമെന്റാണ്. ഇപ്പോൾ നടന്നിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ ഉണ്ടായിവന്നിട്ടുള്ളതാകട്ടെ ഒരു കൂട്ടുമുന്നണി മന്ത്രിസഭയും. ഇത് മുശർറഫിന്റെ ദുർഭരണത്തെക്കാളും മോശമാകാനാണ് സാധ്യത.

ഈ അരാജകത്വവും അസന്തുലിതാവസ്ഥയും ഒഴിവാക്കുന്നതിനും പുതിയ ഒരു രാജ്യം കെട്ടിപ്പടുക്കുന്നതിനും ദീർഘവീക്ഷണമുള്ള ഒരു രാഷ്ട്രീയ നിലപാടാണ് ജമാഅത്ത് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്.

ജനങ്ങളുടെ ജീവനും സ്വത്തിനും അഭിമാനത്തിനും സംരക്ഷണം നൽകി, സാമ്രാജ്യത്വ വിരുദ്ധമായ നയ നിലപാടുകളിലൂടെ ആദർശത്തിലൂന്നി ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാനുമാണ് ഖാദിഹുസൈനും സംഘവും ശ്രമിച്ചത്.

**അൻവർ സാദത്ത് എഴുവന്തല**
**ഹൈദരാബാദ്**

## ▪ ചുരുക്കെഴുത്ത്

**സാധാരണക്കാരായ** അണികൾക്കിടയിൽ അന്ധമായ പാർട്ടിവികാരവും അപകടകരമായ ശത്രുതാ മനോഭാവവും വളർത്തിയതാണ് കണ്ണൂർ മോഡൽ അക്രമങ്ങളുടെ അടിസ്ഥാന കാരണം. മിമ്പർ മുതൽ മീഡിയ വരെ പരസ്പരം പഴിപറയുന്നതിന് ഉപയോഗിക്കുകയും ഇതര സംഘടനകളിലെ നല്ല പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം നിസ്സാരമായ തെറ്റുകളെ ഊതിവീർപ്പിച്ച് ചായക്കോപ്പയിൽ കൊടുങ്കാറ്റ് സൃഷ്ടിക്കുകയും ചെയ്യുന്ന മുസ്‌ലിം സംഘടനകൾ ഇത്തരത്തിലുള്ള അക്രമ രാഷ്ട്രീയത്തിലേക്കല്ലേ അണികളെ നയിക്കുന്നത്?

**അജ്മൽ കുറുങ്ങോട്**
**എടച്ചേരി നോർത്ത്**